**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 984** **29-08-2022 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ തൊട്ടുമല റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല നിയോജക മണ്ഡലത്തിലെ അമ്പൂരി ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാർ താമസിക്കുന്ന തൊട്ടുമല വാർഡിലെ വിവിധ സെറ്റിൽമെന്റ് കോളനികളിലേയ്ക്കുള്ള റോഡുനിർമ്മാണത്തിനായി വനംവകുപ്പിന്റെ അനുമതിയ്ക്ക് വേണ്ടി സമർപ്പിച്ചിരുന്ന പ്രോപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (എ) | പാറശ്ശാല നിയോജക മണ്ഡലത്തിലെ അമ്പൂരി ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാർ താമസിക്കുന്ന തൊട്ടുമല വാർഡിലെ വിവിധ സെറ്റിൽമെൻറ് പാതകളുടെ നവീകരണത്തിനായി അമ്പൂരി ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷകളിൽ വനാവകാശ നിയമ പ്രകാരം താഴെപ്പറയുന്ന പാതകൾ നവീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>1. പുരവിമല - സ്കൂൾ ഇ.ഡി.സി റോഡ് - 144 മീറ്റർ<br><br>2. പുരവിമല - ഗ്രന്ഥശാല - ഉലവിൻമൂട്ടിക്കുഴി റോഡ് - 112 മീറ്റർ<br><br>3. അയ്യവിളാകം - തൊടുവര റോഡ് - 144 മീറ്റർ<br><br>4. പൂവൻപാറ - വള്ളക്കടവ് റോഡ് - 144 മീറ്റർ<br><br>5. പീയണിപാറ - വെള്ളി റോഡ് - 144 മീറ്റർ<br><br>6. പുരവിമല - കൊട്ടൻകാവ് റോഡ് - 122.90 മീറ്റർ<br><br>7. പുരവിമല - തേക്കിൻമൂട് റോഡ് - 480 മീറ്റർ<br><br>8. പുരവിമല - തേക്കിൻമൂട് രണ്ടാം ഘട്ട റോഡ് - 710 മീറ്റർ<br><br>9. പീയണിപാറ - കണ്ണമ്മാംമൂട് റോഡ് - 438 മീറ്റർ<br><br>10. തമ്പുരാൻകാവ് പാലം മുതൽ പീയണിപാറ വരെ - 385 മീറ്റർ |

സെക്ഷൻ ഓഫീസർ